24 (*564) ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്നതു സംബന്ധിച്ച് ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ ഉത്തരവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ഡി) ന്യൂനപക്ഷ സ്ഥാപനങ്ങളിൽ ആ സമുദായത്തിന്റെ എത്ര ശതമാനം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണമെന്നാണ് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ;

(ഇ) വിവിധതലത്തിൽ സംസ്ഥാനത്ത് എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ട് ;

(എഫ്) ന്യൂനപക്ഷപദവി ലഭിച്ച സ്ഥാപനങ്ങൾക്കുള്ള പ്രത്യേകാവകാശങ്ങൾ എന്തെല്ലാമാണ് ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ഉണ്ട്. ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ ന്യൂനപക്ഷ കമ്മീഷൻ ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലിനോട് ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ചു നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി & ഡി) 2006-ലെ കേരള പ്രൊഫഷണൽ കോളേജസ് ആക്ടിലെ 8 (എ).(ബി).(സി) വകുപ്പുകൾ പ്രകാരം പ്രൊഫഷണൽ കോളേജുകൾക്ക് ന്യൂന പക്ഷ പദവി നൽകുന്നതിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു. എന്നാൽ ബഹു. ഹൈക്കോടതി 8 (ബി), (സി) വകുപ്പുകൾ റദ്ദാക്കുകയുണ്ടായി. ഇതിനെതിരെ സുപ്രീംകോടതിയിൽ കേരള സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. എസ്.എൽ.പി.യിൽ സ്റ്റേ ലഭിച്ചിട്ടില്ലായെങ്കിലും ഈ വിഷയത്തിൽ ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന മാനദണ്ഡങ്ങളിൽ നിന്നും വ്യത്യസ്തമായ നിലപാട് സർക്കാരിനില്ല.

(ഇ) സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിലിനോട് ഇത് സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിച്ചു നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഭരണഘടന അനുശാസിച്ചിട്ടുള്ളതും കാലാകാലങ്ങളിൽ വിവിധ കോടതിവിധികൾ പ്രകാരം വ്യാഖ്യാനിച്ചിട്ടുള്ളതുമായ അവകാശങ്ങളാണ് ന്യൂന പക്ഷ പദവി ലഭിച്ച സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നത്.

ആദിവാസിമേഖലകളിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതി

25 (*565) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആദിവാസി മേഖലകളിൽ പ്ലസ് ടൂ വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എസ്. എസ്. എ. യുടെ ആഭിമുഖ്യത്തിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ നടപ്പിലാക്കുന്ന 'പഠിത്ത വീട്' എന്ന സംരംഭത്തിലൂടെ ഏതൊക്കെ ജില്ലകളിലെ ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്കാണ് പ്രയോജനം ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ അദ്ധ്യയനവർഷത്തിൽ പ്രസ്തുത പദ്ധതിക്കായി എന്തു തുക ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) പദ്ധതിയുടെ നടത്തിപ്പിനായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശമുണ്ടോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) ആദിവാസി മേഖലകളിലെ പ്ളസ്ടു വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരമുയർത്തുന്നതിന് എസ്.എസ്.എ.യിൽ പ്രത്യേക പദ്ധതി യൊന്നും നിലവിലില്ല. എന്നാൽ ആദിവാസി മേഖലകളിൽ ഒന്നു മുതൽ നാലു വരെ ക്ളാസ്സുകളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിന് ബദൽ വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ആദിവാസി മേഖലയിൽ പഠിത്ത വീട് എന്ന സംരംഭം നടപ്പിലാ ക്കിയിട്ടില്ല. വീടുകളിൽ വേണ്ടത്ര പഠനാന്തരീക്ഷവും പഠനസാഹചര്യവും ഇല്ലാത്ത മുഖ്യധാരാ വിദ്യാലയങ്ങളിലെ കുട്ടികൾക്ക് ക്ളാസ്സിലെ പഠന പ്രവർത്ത നങ്ങളുടെ തുടർച്ചയായ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനും സർഗ്ഗാത്മ കമായ ശേഷികൾ വികസിപ്പിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന പ്രാദേശിക സംരംഭമാണ് പഠനവീടുകൾ. ആദിവാസി മേഖലയിൽ മാത്രമായി പഠന വീട് എന്ന സംരംഭം നടപ്പിലാക്കിയിട്ടില്ല.

(സി) പഠന വീട് എന്ന സംരംഭം നടപ്പിലാക്കാനായി 2010-11 വർഷം എസ്.എസ്.എ.യുടെ എസ്.സി./എസ്.റ്റി. ഇന്റർവെൻഷൻ പ്രകാരം 10,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly